ഗ്രോ മോർ ഫുഡ് കാംപെയിൻ

*൪ ൫൪. (൨ ൦) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഗ്രോ മോർ ഫുഡ് ഇനത്തിൽ കേന്ദ്രഗവണ്മെന്റിൽനിന്നും എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിനകം അതിൽ എത്ര തുക ചെലവായി?

(സി) ഗ്രോ മോർ ഫുഡ് കാംപെയിൻസിന്റെ ഫലമായി ൧൯൫൭-ൽ എത്രമാത്രം ഭക്ഷ്യധാന്യങ്ങൾ കൂടുതൽ വിളയിക്കാം എന്നു കണക്കാക്കപ്പെട്ടിട്ടുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. റ്റി. കെ. നാരായണപിള്ള): (എ) ൧൯൫൫—൫൬-ൽ ൫൦൬ ലക്ഷംരൂപാ സഹായധനമായും ൭൦ ലക്ഷംരൂപാ കടമായും ഇൻഡ്യാ ഗവണ്മെന്റ് തന്നിട്ടുണ്ട്. ൧൯൫൬—൫൭-ൽ ൫൩൯ ലക്ഷംരൂപാ സഹായധനം ആയും ൧൩൬ ലക്ഷം രൂപാ കടമായും തന്നിട്ടുണ്ട്.

(ബി) ൧൯൫൫—൫൬-ൽ ഉദ്ദേശം ൨൩൦൭ ലക്ഷം രൂപാവും ൧൯൫൬—൫൭-ൽ ൨൦ ലക്ഷം രൂപായും ചിലവായിട്ടുണ്ട്.

(സി) ഉദ്ദേശം ൫ ൦ ൦ ൦ ടൺ.

ശ്രീ. ഇട്ടീര അമ്മുക്കൻ: ൩൬ ലക്ഷംരൂപാ മാത്രമേ ഇതിനകം ഗവണ്മെന്റിന് ചിലവാക്കാൻ സാധിച്ചിട്ടുള്ളൂ എന്നു കാണുന്നു. ബാക്കിയുള്ള തുക ചിലവാകാഞ്ഞതു് അതിനുള്ള സ്കീം ഗവണ്മെന്റു കണ്ടെത്താത്തതുകൊണ്ടാണോ?

ശ്രീ. റ്റി. കെ. നാരായണപിള്ള: അല്ല. പണം ഏറ്റവും ഇഫക്ടീവായിട്ടു് ചെലവാക്കണമെന്നു് ഗവണ്മെന്റിനു് ഉദ്ദേശം ഉള്ളതുകൊണ്ടാണു് ബാക്കി പണം ചെലവാക്കാതെയിരുന്നിട്ടുള്ളതു്.

ശ്രീ. ഇട്ടീരാ അമ്മുക്കൻ. ൩൬ ലക്ഷംരൂപാ ഇൻഡ്യാ ഗവണ്മെന്റിൽ നിന്നും ഈ ഗവണ്മെന്റിനു് കിട്ടി എങ്കിലും ൫൬ ലക്ഷം രൂപാ മാത്രമേ ചിലവാക്കിയിട്ടുള്ളൂ എന്നു പറഞ്ഞു. ബാക്കിയുള്ള സംഖ്യ ചിലവാക്കാൻ സാധിക്കാതെ വന്നതു് എന്തുകൊണ്ടാണെന്നാണു് ചോദ്യം. അതിനു് ശരിയായ ഒരു ഉത്തരം ആണു് ഞാൻ ആവശ്യപ്പെട്ടതു്.

Mr. Speaker: Answer to that question has already been given.

ശ്രീ. പി. എം. വല്ലീസ്: ഇൻഡ്യാ ഗവണ്മെന്റു് അനുവദിച്ചിട്ടുള്ള തുക ചെലവാക്കാതെയിരുന്നാൽ അതു് നമുക്കു നഷ്ടപ്പെടുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ൧൯൫൭ ജൂൺമാസത്തിനകം ഈ തുക ചിലവാക്കിയാൽ മതിയാകുന്നതാണു്.

മി. ഇട്ടീര അമ്മുക്കൻ: ഭക്ഷ്യോല്പാദനത്തെ ത്വരിതപ്പെടുത്തുക എന്നുള്ളതല്ലേ ഗവണ്മെന്റിന്റെ നയം.

Mr. Speaker: That is a matter of inference.

ആലുവാ ഫീൽഡ് ആഫീസർ

*൪ ൫൫. (൨ ൧) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഓരോ താലൂക്കിലും എത്ര ഫീൽഡ്ആഫീസറന്മാർ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുന്നത്തുനാട് താലൂക്കിൽ ആലുവായിലുള്ള ഫീൽഡാഫീസർ ആരാണ്;

(സി) അദ്ദേഹത്തിന്റെ പേരിൽ വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ എന്ത്;

(ഇ) പബ്ലിസാരയ്ക്ക് കാർഡു കിട്ടുവാൻ ഒരു രൂപാ ഫീൽഡാഫീസർക്കു കൊടുക്കണമെന്ന ചട്ടമുണ്ടോ;

(എഫ്) ആഫീസിൽനിന്നും പരിശോധനയ്ക്കായി അദ്ദേഹം പുറത്തുപോകാറുണ്ടോ?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കൊച്ചികണയന്നൂർ താലൂക്കിൽ ഫ്ര—ം, തൃശ്ശിവപേരൂർ, മുകുന്ദപുരം എന്നീ താലൂക്കുകളിൽ ഒ വീതവും, തലപ്പിള്ളി താലൂക്കിൽ ന്യൂ—ം, ബാക്കിയുള്ള താലൂക്കുകളിൽ ര് വീതവും ഫീൽഡാഫീസറന്മാരുണ്ട്.

(ബി) ശ്രീ. എൻ. ലക്ഷ്മണഅയ്യർ.

(സി) ഇല്ല.

(ഡി) 'സി'ക്കുള്ള ഉത്തരംകൊണ്ട് ഇതു ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ഉണ്ട്.

ജഡ്ജിമാരും മുൻസീഫന്മാരും

*ര ങ്ങ. (ചോ) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിലെ ഡിസ്ട്രിക്ട് ജഡ്ജിമാരുടേയും മുൻസീഫന്മാരുടേയും നിയമനങ്ങൾ നടത്തുന്നതു് ആരാണ്;

(ബി) അങ്ങനെ നിയമിക്കുന്നതിനു് വല്ല തത്വവും ഉണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ): (എ, ബി) ഭരണഘടനാ ചട്ടം, ചട്ടം, ചട്ടം ഇവ വകുപ്പുകൾ അനുസരിച്ചു രാജപ്രമുഖൻ ആണ് നിയമനങ്ങൾ നടത്തുന്നതു്.

സ്റ്റോറേ ഗാസ്റ്റ്സ്

*ര ങ്ങ. (ചോ) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിലേക്കു ഫൻ ര ൻ, ഫൻ ങ ം എന്നീ കൊല്ലങ്ങളിൽ ഏതു സ്റ്റോറേ ഗാസ്റ്റസ് വന്നിട്ടുണ്ട്;

(ബി) ഇവർ എന്തെല്ലാം ആവശ്യത്തിനാണ് വന്നിട്ടുള്ളതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ).

(എ) ഫൻ ര ൻ-ൽ വന്ന പേർ. ഫൻ ങ ം—ൽ ഒമ്പ പേർ.

(ബി) ഇവർ എന്തെല്ലാം ആവശ്യങ്ങൾക്കാണ് വന്നിട്ടുള്ളതെന്നു് വെളിവാക്കുക ആശാസ്യമാണെന്നു തോന്നുന്നില്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഇവർ ഇൻഡ്യാഗവർമ്മെണ്ടിൽനിന്നും ടി. എ. വാങ്ങിക്കുന്നുണ്ടെന്നുള്ള വിവരം ഗവർമ്മെണ്ടിനറിയാമോ?

Sri. C. Kesavan: That is a matter which has to be enquired into.

LIBRARY ARCHIVES Kerala Legislative Assembly